ഉത്തരം

(എ)

നം.	റോഡ്	ചിലവഴിച്ച തുക (31-3-2004 വരെ)
1.	തൃശൂർ-കൊടുങ്ങല്ലൂർ (ഒന്നാം വർഷ മെയിന്റനൻസ്)	7.48 കോടി രൂപ
2.	പോട്ട, മുന്നു പീടിക (ഒന്നാം വർഷ മെയിന്റനൻസ്)	4.66 കോടി രൂപ
3.	ചേർപ്പ് തൃപ്രയാർ (ഒന്നാം വർഷ മെയിന്റനൻസ്)	2.72 കോടി രൂപ
4.	തൃശൂർ-കുറ്റിപ്പുറം (ഒന്നാം വർഷ അപ്ഗ്രഡേഷൻ)	22.4 കോടി രൂപ

(ബി) ഈ പദ്ധതിയിൽ ഏറ്റെടുത്ത റോഡുകളുടെ പണികളിൽ അപാകത ഉണ്ടായിട്ടില്ല. ഇതു കാരണം അപകടങ്ങൾ ഉണ്ടായിട്ടുമില്ല.

(സി) ഈ റോഡുകളിൽ ഒരു വർഷത്തിനകം ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ കരാറുകാരൻ തന്നെ ചെയ്യണമെന്ന് വ്യവസ്ഥയുള്ളതിനാൽ മറ്റാരെയും ചുമതലപ്പെടുത്തിയിട്ടില്ല.

(ഡി) ഈ റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥലലഭ്യതയ്ക്കനുസരിച്ച് കാനകൾ നിർമ്മിച്ചിട്ടുണ്ട്. കാനകൾ നിർമ്മിച്ച അളവിനു മാത്രമേ കരാറുകാർക്ക് തുക കൊടുത്തിട്ടുള്ളൂ.

(ഇ) കരാറുകാരൻ ചെയ്തു തീർത്ത പണികൾ കൺസൾട്ടന്റായ ഇന്റർ കോൺടിനെന്റൽ ടെകനോക്രാറ്റ് (ICT), ന്യൂഡൽഹി എന്ന സ്ഥാപനം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കേണ്ട കാര്യം ഉദിക്കുന്നില്ല.

(എഫ്) ഉണ്ട്. പരാതി പരിശോധിച്ചുവരുന്നു.

കേരള സംസ്ഥാന ട്രാൻസ്പോർട്ട് പ്രോജക്ടിന് ലഭ്യമായിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ

277 [2334] ശ്രീ. ടി. കെ. ബാലൻ:

„ സാജുപോൾ:

„ മഞ്ഞളാംകുഴി അലി:

„ വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ട്രാൻസ്പോർട്ട് പ്രോജക്ടിന് ഇതുവരെ അംഗീകാരം ലഭിച്ച വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികളുടെ തുക ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങളെ കുറിച്ച് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ഓരോ സാമ്പത്തിക വർഷത്തിലും ഈ പദ്ധതിയിൽ നിന്ന് തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഈ പദ്ധതികളെ സംബന്ധിച്ച് കോടതി ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ടി.പി.യിൽ 8 അപ്ഗ്രഡേഷൻ പദ്ധതികളും 36 ഹെവിമെയിന്റനൻസ് പദ്ധതികളും ഒരു ഐ. ഡബ്ല്യു. റ്റി. പദ്ധതിയും ഉൾപ്പെടെ 43 പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ പണികളുടെ പുരോഗതിക്ക് ആനുപാതികമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും സൂപ്പർവിഷൻ കൺസൾട്ടന്റിന്റെയും സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക ചെലവഴിക്കുന്നു.

(സി) 2001-02 ഇല്ല.

2002-03 67.73 കോടി രൂപ

2003-04 137.73 കോടി രൂപ

(ഡി) സംസ്ഥാനത്ത് നടപ്പിലാക്കുവാനുദ്ദേശിച്ചിരുന്ന പെർഫോർമൻസ് ബേസ്ഡ് മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് പദ്ധതിയിൽപ്പെട്ട റോഡുകളുടെ ടെണ്ടർ സ്വീകരിക്കുന്നതു സംബന്ധിച്ച് ഹൈക്കോടതിയിൽ WP(C) 27462/2003 നമ്പരായി പൊതുതാല്പര്യ ഹർജി ഉണ്ടായിരുന്നു. കോടതി ടി കേസ്സ് 14-1-2004-ൽ തള്ളിയിട്ടുണ്ട്.

നബാർഡിൽ നിന്നും ധനസഹായം ലഭിക്കാൻ നടപടി

278 [2335] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2001-02, 2002-03, 2003-04 വർഷങ്ങളിൽ നബാർഡിൽ നിന്നും എന്ത് തുക സഹായമായിട്ടോ വായ്പയായിട്ടോ ലഭിച്ചുവെന്ന വ്യക്തമാക്കാമോ;

(ബി) 2004-05-ൽ സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly